**"Like a city whose walls are broken through is a person who lacks self-control"**
**(Proverbs 25:28)**



**Tony Antony Kanimangalath**

**IPC Ebenezer Kalyan**

A river knows its course
and flows not off its way.
When the evening comes,
For the moon the sun makes way.
Each plays its part and knows its role
None strays away from its control.

*This is the harmony that man is seeking today*
*While he juggles a thousand tasks each day.*
*Massive machines & structures he has built.*
*To control them he has just a button or a switch.*

A bridle for a horse,
Buttons for a crane
From gears in a sports car
To hydraulics on a plane

*Need I write tales of his control*
*We are daily users of the swipe and scroll.*
*To find, buy, watch or skip*
*All we do is a search, scroll, or click*
*Much has he toiled to control things around him.*
*That he often forgets things within that control him.*

Greed, Jealousy, Lust and Pride
He's been subdued by them all.
This is the truth of his inmost being
Guilty of a few or of them all

*Look within yourself, O man.*
*Your wandering mind is what needs control*
*Watch the thoughts that enthral you*
*For they are what control you.*

Hold tight its reins, don't let it wander
Upon thoughts that cause anxiety, don't you ponder

*Think about what's right instead,*
*What is noble, pure and lovely.*
*It'll fill you with heavenly peace*
*Your days will be joyful and lively.*

Forget not therefore what ancient wisdom says
Let your heart be pure and straight be your ways
Caution your mind and awaken your soul
For like a city without walls is a man without self- control.

*"Finally, brethren, whatever things are true, whatever things are noble, whatever things are just, whatever things are pure, whatever things are lovely, whatever things are of good report, if there is any virtue and if there is anything praiseworthy—meditate on these things" (Philippians 4:8)*

# Children's corner



"Let the little children come to me and do not hinder them"

## God's plan is higher than our plan!



**Juby Anoop, UK**

We must have become discouraged and perhaps puzzled as to why some times our prayers go unanswered. This true story can help us solve the puzzle! This happened during the war in Iraq. As a troop of US soldiers were marching towards an enemy camp, there came a point when they couldn't move ahead because there was sand storm and torrential rains hindering their crossing of the Euphrates river. Kevin, a member of the troop, was a believer and he called his Pastor and asked the church to pray so that they can advance forward to attack their enemy. The church prayed earnestly but rains grew more intense and continued for a few days hindering the soldiers' plan. The church kept on praying but the rains grew more and more intense. Kevin was puzzled and disheartened. Rain finally did stop. The gusty wind and the rains had eroded much of the river's banks exposing hundreds of round, metal discs above the sand. Those were land mines that the enemy troop had planted in order to destroy the US troops. The heavy rains had washed away the sand that covered the landmines and the soldiers were able to see and avoid them. Kevin realized how the Lord saved their lives and His plan was different from what their mind could ever imagine.

Dear friends, we too like Kevin and his troop may have faced situations when we feel our God is not answering our prayers. We become so eager and anxious to complete our task, that we never realize God's task and His plan. We ask God to act on our task and when we see a delay we think it is a denial from God. This leads us to disappointments and mental agony. But realization of God's plan would give us peace as well as lead our lives to perfection. God has a greater and better plan for us because His thoughts are always higher than ours as it says in Isaiah 55: 9: "For my thoughts are not your thoughts, neither are your ways my ways, saith the LORD. For as the heavens are higher than the earth, so are my ways higher than your ways, and my thoughts than your thoughts".

We serve a God,

Who is beyond imagination,

Whose ways are beyond expectation,

Whose love is also beyond our imagination.

### *Angels protecting garden of Eden*





**Navya Rupesh Patil**

### *Crucifixion of Jesus Christ*





**Tanvi Navnath Patil**

### *Noah's Ark*



**Ashish Painuli**




### *Jesus Praying to God*





**Hephzibah Grace Sijil**

# गुणात्मक शिष्यों से भरी कलीसिया



पास्टर अमित गुरनानी, मुंबई.

आज बहुत अधिक भीड़ कलीसिया को प्रभावित कर रही है; और ऐसा सोचा या समझा जाता है कि जहां अधिक भीड़ है वहीं अधिक सेवा भी हो रही है और जिस कलीसिया में लोग कम पाए जाते हैं, उस कलीसिया के प्रति लोगों का विचार या दृष्टिकोण कुछ अलग ही होता है। आज कई कलीसियाओं में भक्ति आराधना एक आर्केस्ट्रा और म्यूजिक सिस्टम में बदल चुकी है और परमेश्वर के सत्य वचन को बदलकर संसार से प्रभावित हुआ एक मिलावटी संदेश बन चुका है। जिसके चलते कलीसिया गुणात्मक शिष्यों को बनाने में अक्षम बन चुकी है। हमें यह नहीं भूलना है कि मसीह की कलीसिया की बुनियाद परमेश्वर का सत्य वचन है, जहां आराधना आत्मा और सच्चाई से होती है।

एक समय प्रभु यीशु पहाड़ पर सारी रात प्रार्थना में बिताने के पश्चात् अपने चेलों को बुलाकर बारहों को चुन लिया और उन्हें प्रेरित कहा। तत्पश्चात् प्रभु यीशु अपने बारह प्रेरितों के साथ पहाड़ से उतरकर एक चौरस जगह पर खड़े हुए और वहां चेलों की बड़ी भीड़ और अनेक नगरों से बहुत से लोग उसके पास आए। और संभव है कि यह बारह प्रेरित इस बड़ी भीड़ को देख यीशु की सेवा से बहुत ही प्रभावित हुए होंगे क्योंकि उन्होंने देखा कि वहां बीमार ठीक हो रहे हैं, अशुद्ध आत्मा के सताए हुए अच्छे किए जा रहे हैं और सब यीशु को छूने से चंगे हो रहे हैं। परंतु यीशु प्रेरितों की ओर मुड़कर कहने लगे कि उन्हें दरिद्रता, भूख, विलाप, सताव, निंदा से गुजरना होगा। यही भीड़ मनुष्य के पुत्र के कारण उनसे बैर करेगी, निंदा करेगी, आराधनालय से निकाल देगी और बुरा जानकर उनका नाम काट देगी (लूका.६:१२-२३)। क्योंकि यीशु जानते थे कि जो भीड़ आज उसके पास आती है, कल चिल्ला कर यीशु के विषय में कहेंगे, 'इसे क्रूस पर चढ़ाओ' क्योंकि यीशु आप ही जानते थे कि मनुष्य के मन में क्या है? (यूहन्ना. २: २३-२५) जिस भीड़ ने यीशु के वचन सुनें, चमत्कार देखे, भलाई पाई, जिन्हें यीशु ने चमत्कार के साथ रोटी खिलाई, उसी भीड़ ने यीशु के उपदेश को सुनकर उसके पीछे चलना छोड़ दिया। और इस भीड़ के विषय में लिखा है कि वे यीशु के चेले बन चुके थे क्योंकि उन्होंने यीशु पर विश्वास किया था परंतु कुछ समय बाद यीशु का संदेश सुन मुड़कर चले भी गए थे और यीशु के पास सिर्फ और सिर्फ बारह प्रेरित ही रह गए (यूहन्ना.६:२,५, १४, २२-२६,६०,६१,६४, ६६)।

यीशु का शिष्य होना हर एक के बस की बात नहीं। यीशु ने स्वयं बताया है, सकेत है वह फाटक और कठिन है वह मार्ग जो जीवन को पहुंचाता है और थोड़े हैं जो उसे पाते हैं। (मती.७:१४)। इसलिए पौलुस भी मसीही जीवन को एक कुश्ती और दौड़ और युद्ध के साथ तुलन करता है (१ कुरि.९:२४-२७; गल.५:७; २ तीमु.२:३-६)।

**सच्ची शिष्यता के विषय में यीशु क्या कहते हैं?**

**१. शिष्य होने के लिए शर्तें (लूका. ९:२२-२७)**

हमारा उद्धार अनुग्रह से हुआ है, ना कोई शर्त पर लागू है और ना ही किसी कर्म के आधार पर है ताकि कोई व्यक्ति खुद पर घमंड ना करे (इफि. २:८,९)। परंतु यीशु का शिष्य होने के लिए शर्तें लागू है। यीशु के पीछे हो लेने का मतलब जिस क्रूस के मार्ग से यीशु गया उसी मार्ग से हमें यीशु के पीछे हो लेना है। चाहे वह सम्मान का हो या अपमान का हो, स्वीकार का हो या इनकार का हो, आनंद का हो या दुःख का हो, आसानी का हो या कठिनाई का हो, जीवन का हो या मृत्यु का हो। हम यीशु के क्लेश, राज्य, महिमा में सहभागी हैं (प्रकाशित.१:९; १ पत.४:१३; ५:१,९, १०)। हमें प्रतिदिन अपना क्रूस उठाए चलना है; और यीशु और उसकी बातों को अपनाना और उनके विषय में गर्व करना है।

**२. शिष्यता का मूल्यांकन (लूका. १४:२५-३३; साथ ही ९:५७-६२)**

यीशु का शिष्य होने के लिए इस वचन के आधार पर आपको दो बातें करनी होंगी। पहली, बैठकर हिसाब करना और निर्माण करना है; दूसरी, बैठकर विचार करना और युद्ध करना है। यीशु का यह कहना है, शिष्यता को शुरू करने से पहले बैठकर हिसाब करो और विचार करो तत्पश्चात् आगे बढ़ो क्योंकि अपना हाथ हल पर रखकर पीछे देखने वाला परमेश्वर के राज्य के योग्य नहीं। जैसे निर्माण में रुकना नहीं और युद्ध में पीछे हटना नहीं, वैसे ही मसीही जीवन रुकना या पीछे हटना नहीं है परंतु अडिग बने रहकर निर्माण करना, अपने कार्य को पूरा करना और हर परिस्थिति से लड़ना है।

शिष्य होने के लिए तीन बातें:

- हर रिश्ते और अपने आप को अप्रिय जानना है (१४:२६)
- अपना क्रूस उठाए यीशु के पीछे चलना है (१४:२७)
- अपना सब कुछ त्यागना है (१४:३३)

**३. एक योग्य शिष्य**

हमने यूहन्ना छठवें अध्याय में देखा कि जो चेले यीशु को राजा बनाना चाहते थे, वे कुछ समय बाद उसके उपदेश को सुन उसके पीछे चलना छोड़ दिया। इसलिए वे योग्य नहीं निकले। योग्य शिष्य का मतलब अंत तक यीशु के पीछे चलने वाला, न रुकने और ना पीछे हटने वाला।

योग्य शिष्य के कम से कम तीन चिन्ह:

- उसके वचन में बने रहना (यूहन्ना. ८:३०,३१; साथ ही मती. २८:१९,२०)
- आपस में प्रेम रखना (यूहन्ना.१३:३५; १७:२६)
- पिता की महिमा के लिए बहुत सा फल लाना (यूहन्ना.१५:८)

कलीसिया की महिमा संख्या में ही नहीं बल्कि गुणवत्ता में है। हमारी कलीसियाएं भीड़ या शिष्यों से नहीं बल्कि सच्चे और योग्य शिष्यों से भरने पाएं। परमेश्वर अपनी कलीसिया में जागृति लाए। कलीसिया बकरियों से नहीं परंतु मेम्नों और भेड़ों से भरपूर हो जाए। ●

# സ്വർഗ്ഗം എവിടെ?



**പാസ്റ്റർ പി. കെ. ജോൺസൺ, അയർക്കുന്നം**

ബുദ്ധി ജീവികളെന്ന് അഭിമാനിക്കുന്ന യുക്തിവാദികൾ പറയും സ്വർഗ്ഗം എന്നൊന്നില്ല. ആധുനിക ശാസ്ത്രത്തിന്റെ പൊൻകിരണങ്ങളെക്കുറിച്ച് വേണ്ടുംവണ്ണം അറിയാൻ പാടില്ലാത്ത യുക്തിവാദികളെക്കുറിച്ച് സഹതപിക്കുന്നു. സ്വർഗ്ഗം ഉത്തരദിക്കിലാണെന്ന് ബൈബിൾ പറയുന്നു (സങ്കീ. 75:6, 48:2) ഉത്തരദിക്കിൽ ഗോളങ്ങളൊന്നും ഇല്ലാത്ത ഒരു ശൂന്യസ്ഥലമുണ്ടെന്നു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. കാണുന്നതിനെയല്ല കാണാത്തതിനെയത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നത്. കാണുന്നത് താൽക്കാലികം കാണാത്തതോ നിത്യം (2 കൊരി. 4:18). ഐൻസ്റ്റീന്റെ സിദ്ധാന്തപ്ര കാരം ഊർജ്ജവും പദാർത്ഥവും പരസ്പരം രൂപാന്തരത്തിന് വിധേയങ്ങളാണ്. അതായത് ഊർജ്ജത്തെ പദാർത്ഥമായും പദാർത്ഥത്തെ ഊർജ്ജമായും നമുക്കു മാറ്റാം പ്രതിദ്രവ്യം എന്ന ആശയം ഉടലെടുത്തത് ഈ സിദ്ധാന്തത്തിൽനിന്നാണ്. 1955-ൽ നെഗറ്റീവ് ചാർജ്ജുള്ള പ്രതിപ്രോട്ടോണുകൾ കണ്ടുപിടിക്കപ്പെട്ടു. പ്രോട്ടോണുകളും പ്രതിപ്രോട്ടോണുകളും തമ്മിൽ കൂട്ടിമുട്ടുമ്പോൾ അവ മിസ്സോണുകളായി മാറുകയും പിന്നീട് പ്രകാശരൂപത്തിലുള്ള ഊർജ്ജമാകുകയും ചെയ്യും. ഇതിനുശേഷം ന്യൂട്രോണിന്റെ വിരുദ്ധ പ്രകൃതിയായ പ്രതിന്യൂട്രോണും കണ്ടുപിടിക്കപ്പെട്ടു. ഇങ്ങനെ അടിസ്ഥാന കണികൾക്കെല്ലാം പ്രതികണികകൾ ഉണ്ടെന്നും മനസ്സിലാക്കിയതോടെ പ്രതിദ്രവ്യത്തിന്റെയും പ്രതിലോകത്തിന്റെയും നേർക്ക് ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധതിരിഞ്ഞു. അടിസ്ഥാന കണികകൾക്ക് അംഗീകാരമുണ്ടെന്നു പ്രകൃതിയിൽ നോക്കിയാലും സമ്മതിക്കാവുന്നതാണ്. എങ്കിൽ ദ്രവ്യത്തിന്റെ കാര്യത്തിലും ഇങ്ങനെ സമ്മതിക്കാം. അതുകൊണ്ടു നമുക്കു ദൃഷ്ടി ഗോചരമായി ഈ ലോകത്തിന്റെ അപ്പുറത്ത് വിശാലമായ ഒരു നെഗറ്റീവ് ലോകമുണ്ടെന്നു ശാസ്ത്രം ഘോഷിക്കുന്നു. വിശുദ്ധമായ ഈ നെഗറ്റീവ് ലോകത്തെക്കുറിച്ചാണ് സ്വർഗ്ഗമെന്ന് ബൈബിൾ പറയുന്നത്. ആ ലോകത്തിന്റെ അവസ്ഥയെക്കുറിച്ച് ശരിയായ ഒരു വിവരണം കൊടുക്കുവാൻ ഒരു ശാസ്ത്രജ്ഞനും ഇതുവരേയും കഴിഞ്ഞിട്ടില്ല. എന്നാൽ ദൈവനിശ്വാസീയമായ ബൈബിൾ പ്രകാരം പ്രസ്താവിക്കുന്നു. വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്നതായി പളുങ്കു പോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു (വെളി. 22:1). ദൈവതേജസ്സിനാൽ നിറഞ്ഞിരിക്കുന്ന ആ സുന്ദരലോകത്തിൽ ശാപമില്ല, രാത്രിയില്ല, രോഗമില്ല, മരണമില്ല, മുറവിളിയില്ല, ദുഃഖമില്ല അവന്റെ മുഖം കാണും (വെളി. 22:3).

പ്രിയ സ്നേഹിതാ, യേശു തന്റെ വിശുദ്ധന്മാരുമായി അവിടെയായിരിക്കുമ്പോൾ നീയും കാണുമോ. തന്റെ വിശുദ്ധന്മാരെ ദുഃഖഭൂമിയിൽ നിന്നു മാറ്റുവാൻ വേഗം വരുന്നു. ഒന്നാമത് അവൻ ഭൂമിയിൽ വന്ന് നിന്റെ പാപത്തിനുവേണ്ടി ശാപയോഗ്യമായ മരണം അനുഭവിച്ച് വിശ്വാസത്താൽ കാൽവറിയിലൂടെയുള്ള രക്ഷ പ്രാപിക്കുവാൻ നിന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുക. ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാട്. രണ്ട് കള്ളന്മാരുടെ മദ്ധ്യത്തിൽ മൂന്നാണികളിന്മേൽ തറയ്ക്കപ്പെട്ടവനായി കിടക്കുന്ന യേശു അവസാനതുള്ളി രക്തം വരെയും ഊറ്റിയത് നിന്റെ സർവ്വ പാപത്തെയും ശുദ്ധീകരിക്കുവാൻ. വിശ്വാസത്താൽ ഞാൻ ഒരു പാപിയാണെന്നു സമ്മതിച്ച് രക്തത്താലുള്ള കഴുകൽ പ്രാപിച്ച് വിശുദ്ധിയോടെ ആ സ്വർഗ്ഗലോകത്ത് കാണപ്പെടുവാൻ ഒരുങ്ങുക. അതിനായി കർത്താവു സഹായിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ചെറിയ ലേഖനം അവസാനിപ്പിക്കട്ടെ. ●

## SUNDAY SCHOOL TEACHERS TRAINING PROGRAMME

IPC Sunday Schools Association, Maharashtra, is pleased to announce a **"Sunday School Teachers Training Programme"** to be held on Sunday, March 23, 2025, from 4:00 pm to 6:30 pm at IPC Nerul, 107- Great Eastern Galleria, Sector-2 Nerul, Navi Mumbai - 400706. Pastor P.J. Raju will lead the session. The Training Programme aims to support parents, Pastors, and Sunday School teachers in effectively educating our younger children through Sunday School, fostering a God-fearing future generation. We encourage everyone to attend and benefit from this valuable training session. Your presence will make a significant difference in our efforts to build a better future for our children.

***Secretary, IPC Sunday Schools Association, Maharashtra***

അടിയൊഴുക്കുകൾ -4

# ദൈവീക കരുതൽ മറക്കരുത്



പാസ്റ്റർ സജി പീച്ചി

വീട്ടിൽ അവൾ തനിച്ചായിരുന്നു. ഒരഥിതി കൂടെ തനിക്ക് കൂടപ്പിറപ്പായി ലഭിച്ചതിന്റെ ആനന്ദത്തിലായിരുന്നു അവൾ. കുഞ്ഞാങ്ങളയുടെ കരച്ചിലിന്റെ ശബ്ദം അന്തരീക്ഷത്തിൽ മാറ്റൊലി കൊണ്ടു.

തന്റെ ഇളയ സഹോദരൻ ആരോൻ മിടുക്കനായിരുന്നു. സംസാരപ്രീയനായ അവനോട് മിണ്ടിയും പറഞ്ഞുമിരുന്നാൽ സമയം പോകുന്നതറിയില്ല. അവൻ ഓരോ കുസൃതി ചോദ്യങ്ങൾ ചോദിക്കും. മിക്കതും ഉത്തരമില്ലാത്ത ചോദ്യങ്ങളായിരുന്നു.

ഇതാ അതിലും മിടുക്കനും സുന്ദരനുമായ ഒരാളുടെ സാന്നിധ്യം കൂടെ ഭവനത്തിൽ ഉണ്ടായിരിക്കുന്നു. ആ മുഖത്തെ സൗന്ദര്യം എത്ര ആസ്വദിച്ചാലും മതിയാവില്ല.

ദൈവീക സൗന്ദര്യത്തിന്റെ തേജസ്സ്കിരണങ്ങൾ ആ പൈതലിന്റെ കുഞ്ഞു മുഖത്ത് ഉടയതമ്പുരാൻ വാരിവിതറിയിരിക്കുകയാണ്.

ആനന്ദത്തിനു മാറ്റ് കൂട്ടാൻ ഇതിൽപ്പരം മറ്റെന്തു വേണം....????

പിതാവായ അമ്രാം അത്യാവശ്യ കാര്യങ്ങൾക്ക് വേണ്ടി വീട്ടിൽ നിന്നിറങ്ങിപ്പോയി. അമ്മയായ യോഖേബേദ് അവനെ മാറോടു ചേർത്തു പിടിച്ചു. കുഞ്ഞിളം പാദങ്ങളിൽ മിറിയാം മുത്തം കൊടുത്തു. ഇതൊന്നും അറിയാതെ ആരോൺ അവിടെ എവിടെയോ ഓടിക്കളിച്ചു.

നൈൽ നദിയുടെ ശാഖകൾ ഈജിപ്തിനെ വരിഞ്ഞു മുറുക്കിയോ എന്ന് തോന്നുമാറ് വളഞ്ഞു പുളഞ്ഞൊഴുകുന്ന നൈൽ നദി സമീപവാസികൾക്ക് എന്നും ഒരു പേടിസ്വപ്നമാണ്. അതിന്റെ ആഴവും പരപ്പും അത്രയും ഭീകരമാണ്. അതിന്റെ ഭൂപ്രകൃതി പോലും അമ്പരപ്പ് ഉളവാക്കും.

ആഫ്രിക്കയുടെ ദാനം എന്നൊക്കെ കവിപുംഗവന്മാർ വാനോളം പുകഴ്ത്തിപ്പാടി ആ നദിയെ വർണ്ണിക്കുമായിരുന്നു. ആഫിക്കൻ ഭൂഖണ്ഡത്തിന്റെ വിരിമാറ് കീറിമുറിച്ചുകൊണ്ട് ഈജിപ്തിലൂടെ ഒഴുകുന്ന നൈൽ നദിയുടെ ആകാശക്കാഴ്ച ദർശിച്ചാൽ അനന്തകോണ്ടയെന്ന എന്ന മഹാസർപ്പം വളഞ്ഞു പുളഞ്ഞു കിടക്കുന്നത് പോലെയാണ്.

6650 കിലോമീറ്റർ ദൂരമുള്ള ഈ നദി ലോകത്തിലേക്കും ഏറ്റവും നീളം കൂടിയതും പതിനൊന്നോളം രാജ്യങ്ങളെ സ്പർശിച്ച് കൊണ്ട് കടന്നു പോകുന്നതുമാണ്. നൈൽ നദീതടം ഒട്ടേറെ പുരാതന സംസ്കാരങ്ങളുടെ ഈറ്റില്ലമാണ്. പുരാതന ഈജിപ്തുകാർ നൈൽ നദിയെ അവരുടെ നാടിന്റെ പിതാവായും ഈജിപ്തിനെ പുത്രിയായുമാണ് കണക്കാക്കിയത്.

ആയിരങ്ങൾ പുണ്യ നദിയായി ഇതിനെ പരിഗണിച്ചു വരുന്നു. പതിനായിരങ്ങൾ ഈ നദിയിൽ ദേഹശുദ്ധി നടത്തിക്കൊണ്ടിരിക്കുന്നു. കർഷകരുടെ ആശാകേന്ദ്രമായ ഈ നദിതീരങ്ങൾ അവർ കൃഷിക്കുപയുക്തമാക്കി.

നദിയുടെ ഏക്കൽ മണ്ണിലെ ചെളിയിൽ വാരിയെറിയുന്ന ഓരോ വിത്തും നശിക്കുമോ നന്നാകുമോ എന്ന് ആർക്കും നിശ്ചയമില്ലായിരുന്നു. എല്ലാം ഒരു ഭാഗ്യപരീക്ഷണമായിരുന്നു. കൃഷിക്കാർ ചെളിയിലേക്ക് ധാന്യങ്ങളുടെ വിത്തുകൾ വാരിയെറിഞ്ഞു. വെള്ളത്തിൽ വീഴുന്ന ഓരോ ധാന്യമണിയും മുളച്ചു നാമ്പുകൾ നീണ്ടു കാണാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചു.

ഗോതമ്പും യവവും വിളഞ്ഞു പാകമാകുന്നത് അവർ സ്വപ്നം കണ്ടു. പ്രതീക്ഷയുടെ മുകുളങ്ങൾ അവരുടെ ഹൃദയങ്ങളിൽ നാമ്പിട്ടു. കാലങ്ങൾ കാത്തിരുന്നു. ധാന്യമണികൾ നദിയുടെ അടിയൊഴുക്കിൽപ്പെട്ടു ഒലിച്ചു പോകരുതേ എന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു.

ഈജിപ്തിലെ ഭക്ഷ്യവിഭവങ്ങളെല്ലാം പ്രതിസന്ധിയുടെ മധ്യേ വളർന്നു വന്നവയാണ്. ഒന്നുകിൽ അതി ശൈത്യമോ അല്ലെങ്കിൽ കടുത്ത വരൾച്ചയോ അതിന്റെ വളർച്ചയെ നിർമ്മൂലമാക്കുവാൻ കാലചക്രത്തിന്റെ കരാളഹസ്തവുമായി വന്നെന്നിരിക്കാം. എന്നാൽ ഇവയെ അതിജീവിച്ചു ലഭിക്കുന്ന നന്മകളാണ് പിറ്റേ സംവത്സരത്തിന്റെ മേന്മകളായി പരിഗണിക്കുന്നത്.

പ്രതിസന്ധികളെ അതിജീവിച്ചു മുന്നേറുന്നവർക്ക് മാത്രമേ ജീവിതവിജയം നേടാനാകുകയുള്ളൂ. ശുഭപ്രതീക്ഷയോടെ കാത്തിരിക്കുമ്പോൾ ദൈവമാണ് സംവത്സരത്തെ നന്മകൾ കൊണ്ട് അനുഗ്രഹിക്കുന്നത്. അലസർക്ക് യാതൊന്നും നേടാനാകില്ല. എല്ലാം നാളെയാകട്ടെ എന്ന് പറഞ്ഞു മാറ്റിവെക്കുന്നവർക്ക് ജീവിതത്തിൽ നഷ്ടങ്ങളേ സംഭവിക്കുകയുള്ളൂ. ഇന്നത്തേക്കുള്ളത് ഇന്നലെയും നാളേക്കുള്ളത് ഇന്നും ചെയ്യുന്നവന് മാത്രമേ ജീവിതത്തിൽ വല്ലതും നേടാനാകുകയുള്ളൂ...!

അപ്രതീക്ഷിതമായാണ് അങ്ങനെ ഒരു നിയമം ദേശത്ത് വിളംബരം ചെയ്യപ്പെട്ടത്.

ജനത്തിന്റെ വർദ്ധനയിൽ ആശങ്കപ്പെട്ട ഒരു കൂട്ടരുടെ ജൽപ്പനങ്ങളായിരുന്നു അവ. അരമനയിൽ നിന്ന് ആജ്ഞാപിക്കപ്പെട്ട ആ നിയമം ചിലരെ സംരക്ഷിക്കുകയും ചിലരെ വലയ്ക്കുകയും ചെയ്യുന്നതായിരുന്നു.

ദൈവീക പദ്ധതികൾക്കെതിരെ ഏതെല്ലാം നിയമങ്ങൾ പ്രാബല്യത്തിൽ വന്നാലും അതെല്ലാം കാറ്റിൽ പറന്നു പോകുന്നതും നിലനിൽക്കാത്തതുമാണ്.

ജനിക്കുന്ന എല്ലാ ആൺകുഞ്ഞുങ്ങളെയും നീല നദിയിൽ വലിച്ചെറിഞ്ഞു വകവരുത്തണം എന്നതായിരു

# 30th Sunday School Anniversary Celebration

The IPC Sunday Schools Asso-ciation, Maharashtra, celebrated its 30th Sunday School Anniversary on January 26, 2025, at IPC Bhavan, Panvel. The event brought together Sunday school teachers, pastors, parents, students, and other enthu-siasts, marking a significant mile-stone in the Sunday school ministry.

The event commenced at 04:00 PM and concluded at 07:30 PM. Pastor Anson Elias graced the occasion as the guest speaker, delivering an inspiring message that resonated with the audience. The anniversary celebration featured presentations of Sunday school activities, captivating performances by talented children, and an award distribution ceremony honoring rank holders and merit award winner.

Sunday School Director Bro. V.C. Justin presided over the meeting. Secretary Bro. Saji Mathew and Treasurer Bro. Moncy P. George coordinated the arrangements, ensuring the event's smooth execution.

The 30th Sunday School Anniversary was a memorable and blessed occasion, reflecting the dedication and hard work of everyone involved in the ministry. The associa-tion extends heartfelt gratitude to all participants for their presence and support in making the event a grand success.

ന്നു ആ കിരാത നിയമത്തിന്റെ പിന്നിലെ ഗൂഢ ലക്ഷ്യം. .

കീഴ്ഘടകങ്ങളിലെ രാജാവിന്റെ പാദസേവകർ ആ നിയമങ്ങൾ പ്രവർത്തികമാക്കാൻ ആവോളം പരിശ്രമിച്ചു. അവരത് അക്ഷരം പ്രതി നിർവ്വഹിക്കയും ചെയ്തു.

ലേവികുടുംബം വല്ലാത്ത ഒരു നിയമക്കുരുക്കിലാണ് അകപ്പെട്ടത്. ഫറോ രാജാവിന്റെ കിങ്കരന്മാർ അമ്രാമിന്റെ കുടുംബത്തിൽ പിറന്ന ശിശുവിനെക്കുറിച്ച് അറിഞ്ഞാൽ അവർ എപ്പോൾ ഓടിയെത്തുമെന്ന് പറയേണ്ടതില്ല. നശിപ്പിക്കാൻ അവർ തക്കം പാർത്തിരിക്കയാണ്.

മൂന്നു മാസം പ്രായമായ കുഞ്ഞിന്റെ ചേഷ്ടകൾ അവരുടെ ഉള്ളിൽ കുളിരേകി. അവന്റെ ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങിക്കേൾക്കുന്ന പ്രായമായിരിക്കുന്നു. അവന്റെ കരച്ചിൽ നിശബ്ദതയെ ഭഞ്ജിക്കുന്നു. അതാരെങ്കിലും കേട്ടാൽ രാജാവിന്റെ അരമനയിൽ വാർത്ത എത്തിക്കും. പിന്നീടുള്ള കാര്യങ്ങൾ ഓർക്കാൻ പോലും ത്രാണിയില്ല.

പെട്ടെന്നാണ് അവരുടെ മനസ്സിൽ ഒരു ബുദ്ധി അങ്കുരിച്ചത്. നൈൽ നദിയുടെ ഓരങ്ങളിൽ തിങ്ങി നിറഞ്ഞു നിൽക്കുന്ന ഒരു തരം ചെടിയാണ് ഞാങ്ങണ.

ഈറ്റയോട് സാമ്യമുണ്ട്. ബൈബിളിൽ ധാരാളമായി ഞാങ്ങണയെക്കുറിച്ച് പരാമർശിക്കപ്പെടുന്നുണ്ട്. നനവുള്ള ചതുപ്പുനിലത്തോ ജലാശയങ്ങളുടെ തീരങ്ങളിലോ ആണ് സാധാരണയായി ഞാങ്ങണ വളരുന്നത്.

ഞാങ്ങണ കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക. കീലും പശയും (കളിമണ്ണും താറും) അതിൽ തേച്ചു കുഞ്ഞിനെ പെട്ടകത്തിൽ കിടത്തുക. നൈൽ നദിയുടെ ഓരത്തു കൂട്ടമായി വളരുന്ന ഞാങ്ങണയുടെ ഇടയിൽ ഒളിപ്പിച്ചു വക്കുക. ഏറെ അപകടം (റിസ്ക്) പിടിച്ച കാര്യമാണ് ഇവർ ചെയ്തത്.

ഒന്നാമത് ഫറവോന്റെ കിങ്കരന്മാർ ഇതറിഞ്ഞാൽ ഇവരുടെ കാര്യം അപകടത്തിലാണ്. രണ്ട് കുഞ്ഞിനെ അവർ നശിപ്പിക്കും. മൂന്ന് കൂട്ടമായി വളരുന്ന ഞാങ്ങണയുടെ ഇടയിൽ വളരുന്ന ചീങ്കണ്ണികളുടെ കണ്ണിൽപ്പെട്ടാൽ കുഞ്ഞിന്റെ കാര്യവും അപകടത്തിലാകും.

ദൈവം കണ്ടവനെ നശിപ്പിക്കാൻ ലോകത്തിലാർക്കും കഴിയില്ല. അവൻ ഇതെല്ലാം വൈതരണികളിൽ ചെന്ന് പെട്ടാലും വിടുവിക്കുന്നത് ദൈവമാണ്. അവനെ ഇല്ലായ്മ ചെയ്യുവാൻ ഒരു ശക്തികൾക്കും സാധ്യമല്ല.

നാശകരമായ മഹാമാരിയിൽ നിന്നും അഗ്നിചൂളയിൽ നിന്നും, ദുഷ്ടന്റെ വെല്ലുവിളികളിൽ നിന്നും, മേലധികാരികളുടെ ചൂഷണത്തിൽ നിന്നും ദൈവം അവനെ വിടുവിക്കും.

മൂത്ത പെങ്ങൾ കാവൽ കാത്തു നിന്നു. ഇരുളായപ്പോഴും അവൾ വീട്ടിൽ പോയില്ല. അധിക സ്നേഹം ഭയത്തെ പുറത്താക്കുന്നു.

അന്ന് ഫറോയുടെ ഓമന പുത്രി അരമനയിലെ ബാത്റൂമിൽ കുളിച്ചില്ല. നൈൽ നദിയിൽ നീരാടുവാൻ അവൾക്കൊരു ഒരു മോഹം. പാരാവാരങ്ങളുംപരിചാരികമാരുമായി അവൾ കുളക്കടവിലെത്തി. നൈൽ നദിയുടെ ഓരം ചേർന്ന് അൽപ്പ സമയം ഇളംതെന്നൽ ആസ്വദിച്ചു അവൾ നടന്നു.

പെട്ടെന്ന് ഞാങ്ങണപ്പെട്ടകത്തിൽ നിന്ന് ഒരു പിഞ്ചു പൈതലിന്റെ രോധനം അവളുടെ കാതുകളിൽ അലയടിച്ചു.

ഞാങ്ങണപുല്ലിനിടയിൽ ഇടയിൽ കുളക്കടവിലെ ഓളങ്ങളിൽ തുള്ളിക്കളിക്കുന്ന പിഞ്ചു കുഞ്ഞിനെ കിടത്തിയിരിക്കുന്ന ഞാങ്ങണ നിർമ്മിതമായിരിക്കുന്ന കൊച്ചു പെട്ടകം അപ്പോഴാണ് അവളുടെ ദൃഷ്ടിയിൽ പെട്ടത്.

പെട്ടെന്ന് അതിനെ എടുത്തു കൊണ്ട് വരാൻ അവൾ പരിചകാരികമാരോട് ആജ്ഞാപിച്ചു. അവർ അത് അനുസരിച്ചു.

ഫറവോന്റെ പുത്രിക്ക് ആ കുഞ്ഞിനോട് അലിവ് തോന്നി. ഇത് എബ്രായരുടെ കുഞ്ഞാണെന്ന് അവൾ തിരിച്ചറിഞ്ഞു.

മൂത്ത പെങ്ങൾ മിര്യാം ഉടൻ ഓടിയെത്തി . അവൾ കുഞ്ഞിന് പാലു കൊടുക്കാൻ ഒരു സ്ത്രീയെ സംഘടിപ്പിക്കാമെന്ന് പറഞ്ഞു.. ശരവേഗത്തിൽ അവൾ വീട്ടിൽ ഓടിയെത്തി. അമ്മയെ വിളിച്ചു. അമ്മയുമായി നദിക്കരെ എത്തി. അവൾ ആ കുഞ്ഞിന് മുലയൂട്ടി.

*തുടരും .......*

# ദൈവത്തെയും മാമ്മോനെയും സേവിക്കുവാൻ കഴിയില്ല



ജാസ്മിൻ ഫിലിപ്പ്

നമ്മുടെ കൊച്ചു കേരളത്തിൽ നിന്ന് നാം ദിനംപ്രതി കേൾക്കുന്ന വാർത്തകൾ അത്ര ശുഭകരമല്ല. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി യുവതലമുറ എങ്ങനെ പണം സമ്പാദിക്കാം എന്ന ചിന്തിച്ച് അസന്മാർഗ്ഗിക മാർഗ്ഗങ്ങളിൽ പെട്ട് വലഞ്ഞു പോകുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന മനുഷ്യനെയും ആകുലപ്പെടുത്തുന്ന ഏറ്റവും വലിയ വസ്തുത ധനം എങ്ങനെ സമ്പാദിക്കാം എന്നുള്ളതാണ്. ദൈനംദിന ജീവിതത്തിന് ആവശ്യമായ പണം സമ്പാദിക്കുക എന്നത് മാത്രമല്ല സമൂഹത്തിൽ ധനവാനായി ജീവിക്കുക എന്നതും ഇന്നത്തെ മനുഷ്യൻെറ വിചാരങ്ങളിൽ പ്രധാനമായതാണ്. ക്രിസ്തു വിശ്വാസികളിലും ഈ ചിന്ത അധികമാണ്. സമൂഹത്തിനു മുൻപിൽ പദവിയും ധനവും വിശ്വാസികളെയും ഭ്രമിപ്പിക്കുന്നതായി തീരുന്നു. അതുകൊണ്ടുതന്നെ ക്രൈസ്തവഗോളത്തിൽ വളരെ പ്രഘോഷിക്കപ്പെടുന്ന ഒന്നായി ത്തീർന്നിരിക്കുന്നു സമ്പത്തിന്റെ സുവിശേഷം.

ദൈവത്തെ സേവിച്ചാൽ സമ്പത്തും ആരോഗ്യവും ലഭ്യമാകും എന്ന് പഠിപ്പിക്കുന്ന ഒരു രീതി ഇന്ന് വളരെ പ്രചാരത്തിൽ ആണ്. ദാരിദ്ര്യം ദൈവമക്കൾക്ക് ചേർന്നതല്ല മറിച്ചു ലോകത്തിലെ സമ്പന്നരെപ്പോലെ സമ്പന്നർ ആകേണ്ടവരാണ് ക്രിസ്ത്യാനി എന്നത് ഇന്നത്തെ കൺവെൻഷൻ വേദികളിലും മറ്റു കൂടി വരവുകളിലും പ്രസംഗിക്കപ്പെടുന്നു. ആവശ്യങ്ങളുടെ മധ്യത്തിൽ ഇറങ്ങി വരുന്ന ഒരു ദൈവത്തെയാണ് നാമിന്ന് കേൾക്കുന്നതും അറിയുന്നതും. നമ്മുടെ ആവശ്യങ്ങൾ നന്നായി അറിയുന്ന സ്നേഹസമ്പന്നനായ പിതാവും തക്കസമയത്ത് നമുക്ക് വേണ്ടി പ്രവർത്തിക്കുന്നവനുമാണ് നാം ആരാധിക്കുന്ന ദൈവം. എന്നാൽ ലോകത്തിൽ നമ്മെ ധനവാൻ ആക്കുവാനോ ദീർഘ വർഷങ്ങൾ രോഗരഹിതമായി ജീവിക്കുവാനോ അങ്ങനെ ഈ ലോകത്തിൽ നമുക്ക് സുഖത്തോടെ ജീവിക്കുവാൻ ആവശ്യമായത് നൽകുന്ന ഒരു ദൈവത്തെയല്ല തിരുവചനം പഠിപ്പിക്കുന്നത് പ്രത്യുത ഏതവസ്ഥയിലും അന്ത്യം വരെയും കൂടെയിരുന്നു നിത്യതയോളം കൊണ്ടെത്തിക്കാമെന്ന വാക്ക് തന്ന കർത്താവിനെയാണ് തിരുവചനം നമ്മെ കാണിച്ചുതരുന്നത്.

മത്തായിയുടെ സുവിശേഷം ആറാം അദ്ധ്യായം 24 -ാം വാക്യത്തിൽ ദൈവത്തെയും മാമോനെയും സേവിക്കാൻ കഴിയുകയില്ല എന്ന് വ്യക്തമായി കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തു. ഒരുവനോട് പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും, ഒരുത്തനെ പകച്ച് മറ്റൊരുവനെ സ്നേഹിക്കാൻ കഴിയും, ഒന്നുകിൽ ദൈവത്തെ അല്ലെങ്കിൽ മാമോനെ. എന്താണ് മാമോൻ. ധനം, കുബേരൻ, സമ്പത്ത് ഐശ്വര്യ ദേവത, നേരായ മാർഗ്ഗത്തിൽ അല്ലാതെ അന്യായമായ മാർഗ്ഗത്തിൽ ഉണ്ടാകുന്ന പണം എന്നിങ്ങനെയാണ് നിഘണ്ടുവിൽ ഇതിന് അർത്ഥം കാണുന്നത്. എന്തായാലും പണം അല്ലെങ്കിൽ സമ്പത്ത് എന്നിങ്ങനെ നമുക്ക് അർത്ഥമാക്കാം. ഒരേസമയം ദൈവത്തെയും സമ്പത്തിനെയും സ്നേഹിക്കുവാനോ പറ്റിച്ചേരുവനോ കഴിയുകയില്ല. രണ്ട് യജമാനന്മാരെ ഒരേസമയം സേവിക്കുവാൻ കഴിയുകയില്ല എന്ന തിരുവചനം അസന്നിഗ്ദ്ധമായി തന്നെ പഠിപ്പിക്കുന്നു.

എന്തുകൊണ്ട് ദൈവത്തെയും മാമോനെയും എന്നു പറഞ്ഞു; ദൈവത്തെയും സാത്താനെയും എന്ന് പറയുവാൻ കർത്താവ് താൽപര്യപെട്ടില്ല? ദൈവത്തെയാണോ സാത്താനെ ആണോ സേവിക്കാൻ താൽപര്യമെന്ന് ആരോട് ചോദിച്ചാലും ദൈവത്തെ സ്നേഹിക്കുവാൻ ആണ് താല്പര്യം എന്ന് മാത്രമേ ഉത്തരം വരുകയുള്ളൂ. വിശ്വാസി ആയാലും അവിശ്വാസി ആയാലും ഈ ഒരു ചോദ്യത്തിന് മുൻപിൽ ഉത്തരം ഒന്നു മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ ദൈവത്തെയോ സമ്പത്തിനെയോ എന്ന ചോദ്യം ആരെയും രണ്ടു വട്ടം ചിന്തിപ്പിക്കും. സമ്പത്ത് ഇല്ലാതെ എന്ത് ദൈവം എന്ന ചിന്ത മനുഷ്യൻെറ മനസ്സിനെ വേട്ടയാടും. ഇവ രണ്ടിനെയും ഒരുമിച്ചു കൊണ്ടു പോകാൻ കഴിയുകയില്ല എന്ന് കർത്താവ് പറയുവാനുള്ള കാരണവും ഇതാകാം.

ദൈവത്തെ ഉപയോഗിച്ച് സമ്പത്ത് വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു കൂട്ടം വിശ്വാസ സമൂഹം ആണ് നമുക്ക് ചുറ്റും ഉള്ളത്. സമ്പത്ത് ദൈവവചനത്തിന് എതിരാണോ.? പഴയനിയമ കാലഘട്ടത്തിലെ അബ്രഹാം, ലോത്ത്, യാക്കോബ്, ഇയ്യോബ് തുടങ്ങിയ പിതാമഹൻമാർ സമ്പത്ത് ഉള്ളവരായിരുന്നു. എന്നാൽ സമ്പത്തിൽ ആശ്രയിക്കാതെ ഏതിലും ദൈവത്തിൽ ആശ്രയിച്ചു ഭൂമിയിൽ പരദേശികളായി പാർത്തവർ ആയിരുന്നു ഇവർ. പുതിയ നിയമ വിശ്വാസികളിൽ യേശുവിൻെറ ശിഷ്യന്മാരും സമ്പത്ത് ഉള്ളവർ ഉണ്ടായിരുന്നു. സക്കായി, പൗലോസ് തുടങ്ങിയവരും ധനവാന്മാർ ആയിരുന്നു. എന്നാൽ ക്രിസ്തുവിനെ കണ്ടെത്തിയതിനു ശേഷം സമ്പത്ത് അവർക്ക് പ്രാധാന്യം അല്ലാതെ ആയി മാറി. മുക്കുവൻമാരുടെ സമ്പത്ത് എന്നത് പ്രധാനമായും വള്ളവും വലയും ആണ്. പത്രോസും അന്ത്രയോസും യാക്കോബും യോഹന്നാനും അവർക്കുണ്ടായിരുന്ന വള്ളവും വലയും വിട്ടാണ് യേശുവിനെ അനുഗമിച്ചത്. പൗലോസ് അധികാരത്തിൽ ആയിരുന്നിട്ടും ലോക പ്രകാരം

## ആദരിച്ചു



**താനെ :** താനെ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ആരംഭം മുതൽ ഇന്നു വരെ അതിന്റെ നന്മയ്ക്കും ഐക്യത്തിനും വേണ്ടി നിൽക്കുകയും സ്ഥാപക സെക്രട്ടറിയും പിന്നീടുള്ള വർഷങ്ങളിൽ പല ഉത്തരവാദിത്തങ്ങളും ഏറ്റെടുത്ത് നടത്തുകയും ചെയ്ത സഹോ. ഇടിക്കുള ദാനിയേലിനെ തന്റെ സേവനത്തെ മാനിച്ചു കൊണ്ട് താനെ പെന്തെക്കോസ്ത് ഫെലോഷിപ്പ് പൊന്നാട അണിയിച്ച് ആദരിച്ചു.

സമ്പത്തുള്ള വൻ ആയിരുന്നിട്ടും ക്രിസ്തു ദർശനത്തിലൂടെ ഈ ലോകത്തിലെ സകലതിനെയും ചപ്പും ചവറും എന്ന് എണ്ണിയവനാണ്. അങ്ങനെ അനവധി ഉദാഹരണങ്ങൾ ദൈവവചനത്തിൽ നിന്ന് നമുക്ക് പറയുവാൻ കഴിയും.

സമ്പത്തിൽ ആശ്രയിച്ച് ലോകത്തിൻെറ സുഖത്തിൽ ആനന്ദം കണ്ടെത്താൻ ശ്രമിച്ച ബുദ്ധിമാൻ ആയിരുന്ന ശലോമോന് സകലതും മായ എന്ന വിവേകം ഉണ്ടായത് വൈകിയാണ്. 2000 വർഷങ്ങൾക്കു ശേഷം ഭൂമിയിൽ സുവിശേഷം ഇന്ന് പ്രസംഗിക്കപ്പെടുമ്പോൾ കർത്താവിലൂടെ എങ്ങനെ മായയായ സകലതും നേടാം എന്ന അവസ്ഥയിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. ക്രിസ്തുയേശുവിൽ കൂടെയുള്ള രക്ഷയും ക്രിസ്തുയേശുവിലുള്ള നിത്യജീവനും ആ കർത്താവിനോട് കൂടെയുള്ള അനന്തമായ വാസവും നമ്മെ ഭ്രമിപ്പിക്കുന്നില്ല മറിച്ച് ഈ ലോകത്തിലെ ആഡംബരങ്ങളും ഈ ലോകത്തിലെ മണിമാളികകളും ഈ ലോകത്തിലെ സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള ഭക്തിയും നമ്മെ അന്ധരാക്കുന്നു. മണ്ണിൽ നിന്നെടുത്ത ഈ ശരീരത്തിൻെറ ആവശ്യങ്ങൾക്കായി ക്രിസ്തുവിൻെറ പിമ്പേ പോകാനല്ല, ഈ മണ്ണിനു അപ്പുറവും നിലനിൽക്കുന്ന ഒരു ആത്മാവ് നമുക്ക് ഉണ്ട് എന്ന് മനസ്സിലാക്കി അതിനെ നഷ്ടമാക്കി കളയുന്നവർ ആയിട്ടല്ല ആത്മാവിൻെറ വില മനസ്സിലാക്കി ക്രിസ്തുവിനെ അനുഗമിക്കുന്നവർ ആയി തീരണം ക്രിസ്ത്യാനികൾ. സമ്പത്ത് വർധിച്ചാൽ അതിൽ മനസ്സു വെക്കരുത്. ദൈവവചനം പറയുന്നു നിക്ഷേപം ഉള്ളടത്ത് ഹൃദയം ചായുകയുള്ളുവെന്നു. ഉള്ളുകൊണ്ട് മാമോനെയും പുറമേ ദൈവത്തെയും സേവിക്കുന്നവർ ആയിത്തീരുന്ന ഒരു സമൂഹമായി നാം മാറിക്കഴിഞ്ഞിരിക്കുന്നു.

തലമുറകളുടെ പോക്ക് എങ്ങോട്ടെന്ന് വ്യാകുലപ്പെടുന്നവരാണ് മാതാപിതാക്കൾ. ക്രിസ്തുവും നിത്യജീവനും രക്ഷയും പ്രസംഗിക്കപ്പെടാതെ ഭൂമിയിലുള്ള അനുഗ്രഹങ്ങൾ മാത്രം കേട്ട് വളരുന്ന പുതുതലമുറയ്ക്ക് കാര്യസാധ്യത്തിന് വേണ്ടിയും രോഗസൗഖ്യത്തിനു വേണ്ടിയും ആശ്രയിക്കാവുന്ന ഒരു ദൈവത്തെ മാത്രമേ അറിയുകയുള്ളൂ. ചുറ്റുപാടിലേക്ക് കണ്ണോടിക്കുമ്പോൾ ഇതൊക്കെയും എല്ലാവർക്കും ലഭ്യമാകുന്നു എന്ന് മനസ്സിലാക്കി എവിടെ പോയാലും ഇതെല്ലാം ലഭിക്കുമെന്ന് ഉള്ളതുകൊണ്ട് നമ്മുടെ യൗവനക്കാരിൽ വിശ്വാസം കുറയുന്നു. പ്രാർത്ഥിച്ചാൽ എല്ലാം ലഭിക്കുമെന്നുള്ള പഠിപ്പിക്കലും പുതുതലമുറയിലെ വിശ്വാസ ശോഷണത്തിന് കാരണമാണ്. പ്രാർത്ഥിച്ചിട്ടും പലതും ലഭിക്കാതെ വരുമ്പോൾ എന്തിനു പ്രാർത്ഥിക്കണമെന്ന് ചിന്ത അവരെ ഭരിക്കുവാൻ തുടങ്ങുന്നു.

മുള്ളിന് ഇടയിൽ വീണ വിത്തു പോലെ ഈ ലോകത്തിൻെറ ചിന്തയും ധനത്തിന്റെ വഞ്ചനയും വിതക്കപ്പെട്ട വചനത്തെ ഞെരുക്കി നിഷ്ഫലമാക്കി തീർത്തിട്ട് ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ അകറ്റി ലോക സ്നേഹത്തിലേക്ക് മനുഷ്യനെ ആകർഷിക്കുന്നു. സമ്പത്തിൽ ആശ്രയിക്കുന്നവരുടെ വീഴ്ച വലിയതാണ്. (സദൃശ്യവാക്യങ്ങൾ 11:28) പഴയകാല ഭക്തന്മാർ ഏത് അവസ്ഥയിലും ഈ ലോകത്തിന്റെ മാലിന്യങ്ങളിൽ പെട്ടു പോകാതെ നിത്യതയെ ലക്ഷ്യം വെച്ച് ഓടിയവർ ആയിരുന്നു. ഇന്ന് നമ്മുടെ ലക്ഷ്യം മാറിപ്പോയി.നമ്മുടെ നോട്ടം നിത്യതയിൽ നിന്ന് മാറി ലോകാസ്ഥാനത്തിനും മാനത്തിനും പണത്തിനും പിറകെ ആയിത്തീർന്നു. നാം ഏതു യജമാനനെ സേവിക്കുന്നു? പണത്തിനു പിറകെ ഓടുന്നവരായിട്ടല്ല പദവികൾക്കു വേണ്ടി അലയുന്നവരായിട്ടുമല്ല യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കുന്ന ഭക്തനായി തീരാം. അപ്പോൾ നന്മയും കരുണയും നമ്മെ പിന്തുടരും. ക്രിസ്തു ആരെന്നറിയാത്തവരുടെ വലിയൊരു സമൂഹം , അതിൽ ധനവാനും ദരിദ്രരും ആരോഗ്യമുള്ളവനും ആരോഗ്യമില്ലാത്തവനും എല്ലാം ഉൾപ്പെടുന്ന വലിയൊരു സമൂഹം നമുക്ക് ചുറ്റുമുള്ളപ്പോൾ ലോകത്തിൽ എന്തെങ്കിലും ലഭിക്കുവാൻ വേണ്ടി കർത്താവിനെ സേവിക്കുവാൻ അല്ല വിളിച്ചവന്റെ വേല വിശ്വസ്തതയോടെ ചെയ്തു ദൈവത്തെ പൂർണ്ണഹൃദയത്തോടെ പിൻപറ്റാൻ നമുക്ക് ഇടയാകണം. ഈ മാമോനെ മുമ്പിൽ നിർത്തി നമ്മെ വീഴ്ത്തുവാൻ ശ്രമിക്കുന്ന സാത്താൻെറ കെണിയിൽ അകപ്പെടാതെ ജീവിച്ചാലും ക്രിസ്തുവിനു വേണ്ടി ഈ ലോകത്തിൽ നിന്ന് മാറ്റപ്പെട്ടാലും ക്രിസ്തുവിനോടുകൂടെ എന്ന പ്രത്യാശയും ഉള്ളവരായി നമുക്ക് ആയിരിക്കാം. നമ്മുടെ യജമാനന്റെ വേലയെ തികച്ച എടുക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.


If you have been blessed by this Magazine please introduce it to others.

To receive this magazine please contact :

**Suvartha Publications**

P.O. Box No. 17082, Tilaknagar, Chembur, Mumbai - 400 089

Mob.: 9821 33 22 73

# കൺവെൻഷനുകൾ – ഒരു അവലോകനം



**പാർശ്വവീക്ഷണം**

**മാത്യൂസ്**

പെന്തെക്കോസ്തു സഭകൾ ഉൾപ്പെടെയുള്ള സുവിശേഷ വിഹിത സഭകളുടെയെല്ലാം കൺവൻഷൻ സീസനാണ് ഡിസംബർ മുതൽ ഏപ്രിൽ മെയ് മാസങ്ങൾവരെ. സുവിശേഷ മഹായോഗം, ബൈബിൾ കൺവെൻഷൻ, വചന ഘോഷണവും സംഗീത സായാഹനവും, മിറക്കിൾ ക്രൂസേഡ് എന്ന് തുടങ്ങി വിവിധ പേരുകളിൽ സംഘടിപ്പിക്കപ്പെടുന്ന ഈ മഹായോഗങ്ങൾ ഈ തലമുറയിൽ വിശ്വാസികളുടെ ഒരു ഒത്തുചേരൽ മാത്രമായി ചുരുങ്ങിയെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല.

എന്നാൽ ഇപ്രകാരമുള്ള സുവിശേഷ യോഗങ്ങൾക്ക് വേറൊരു മാനമുണ്ടായിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. എവിടെയെങ്കിലും ഒരു സു വിശേഷയോഗം ഉണ്ടെന്ന് കേട്ടാൽ സഭാവിഭാഗ വ്യത്യാസമെന്യേ അനേകം മൈലുകൾ നടന്ന് ഏറെ പ്രതീക്ഷയോടെ ജനങ്ങൾ കൂടിവന്നിരുന്ന ഒരു പഴയകാലം. ചൂട്ടുകറ്റകളും, മണ്ണെണ്ണ റാന്തലുകളും, പെട്രോൾ മാക്സുകളും കയ്യിലേന്തി ചെറുകൂട്ടങ്ങളായി പോയ ഒരു കാലം. പകലന്തിയോളം വയലിൽ പണിയെടുക്കുന്നവരെങ്കിലും സുവിശേഷ പ്രസംഗം കേൾക്കുവാൻ ശരീരക്ഷീണം ഒരു തടസ്സമായിരുന്നില്ല. വേണ്ടത്ര വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് എട്ടും പത്തും മൈലുകൾ നടക്കുവാൻ ആ തലമുറക്ക് മടിയുണ്ടായിരുന്നില്ല.

ഇത്ര ബദ്ധപ്പാടോടെ കടന്നുവരുന്നവരാരും നിരാശരായി മടങ്ങിയിട്ടില്ല. അനുഗൃഹീതരായ ദൈവദാസന്മാർ വചനത്തിന്റെ ആഴത്തിൽ നിന്നും പ്രാർത്ഥനയോടെ മുങ്ങിയെടുക്കുന്ന മുത്തുകൾ അവർ സന്തോഷത്തോടെ സ്വീകരിച്ചിരുന്നു. പ്രസംഗത്തിന്റെ അവസാനം നടത്തുന്ന രക്ഷാ ആഹ്വാനത്തിൽ അനേകർ കർത്താവിനായി ജീവിതം സമർപ്പിക്കുന്നു. സഭയുടെ വളർച്ചയ്ക്കും, വിശ്വാസികളുടെ ആത്മീക ഉന്നമനത്തിനും ദൈവരാജ്യത്തിന്റെ വ്യാപനത്തിനും ഈ മഹായോഗങ്ങൾ കാരണമായിട്ടുണ്ട്. യോഗാനന്തരമുള്ള മടക്കയാത്രയാണ് ഏറ്റം കൗതുകകരം. യുവജനങ്ങൾ ഒരു കൂട്ടമായി നടക്കും. പാട്ടുപാടിയും വാക്യങ്ങൾ വിളിച്ചുപറഞ്ഞും അവർ പോകുമ്പോൾ പ്രായമുള്ളവർ അന്നത്തെ പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചയിലാകും ശ്രദ്ധിക്കുന്നത്. അങ്ങനെ ആ മടക്കയാത്രയും എത്രയോ ആഹ്ലാദകരമായിരുന്നു - നടക്കാനുള്ള ദൂരം അവർ കൂടുതലായി തോന്നിയിരുന്നില്ല.

പതിറ്റാണ്ടുകൾ പിന്നിട്ടതോടെ കൺവെൻഷനുകളുടെ രൂപവും ഭാവവും ഏറെ മാറിക്കഴിഞ്ഞു. ഇന്ന് കൺവെൻഷനുകളുടെ എണ്ണം ഏറെ വർദ്ധിച്ചു. എന്നാൽ അതിൽ സംബന്ധിക്കുന്നവർ ആ സഭയുമായി ബന്ധപ്പെട്ടവർ മാത്രം. ഇതരമതവിഭാഗങ്ങളിൽപ്പെട്ടവരോ, മറ്റ് പാരമ്പര്യ ക്രൈസ്തവ സഭകളിൽപെട്ടവരോ ഇന്ന് പെന്തെക്കോസ്തു കൺവെൻഷനുകളിൽ സംബന്ധിക്കുന്നില്ല എന്നതാണ് സത്യം. അവരുടേതായ ധാരാളം മീറ്റിംഗുകൾ നടത്തപ്പെടുന്നുണ്ട്. കൂടാതെ ദൈവവചനത്തോടുള്ള താൽപര്യം വളരെ കുറഞ്ഞിട്ടുണ്ട് എന്നതും ഒരു കാരണമാണ്. അൽപമെങ്കിലും താൽപര്യമുള്ളവർക്ക് യൂട്യൂബിൽ ധാരാളം പ്രസംഗങ്ങൾ ലഭ്യമാണ്. വേർപെട്ട വിശ്വാസികളുടെ ഇടയിലെ അനൈക്യവും, വിശ്വാസികളുടേയും ശുശ്രൂഷകന്മാരുടെയും മാതൃകയില്ലാത്ത ജീവിതവും മറ്റ് സഭാ വിഭാഗങ്ങളെ നമ്മിൽനിന്ന് അകറ്റിയെന്ന് കരുതുന്നതിലും തെറ്റില്ല.

കോടികൾ ചിലവഴിച്ച് നടത്തപ്പെടുന്ന സുവിശേഷ മഹായോഗങ്ങളിൽ നിന്നും ലഭിക്കുന്ന ആത്യന്തിക പ്രയോജനം എന്തെന്ന് വിലയിരുത്തേണ്ടതുണ്ട്. കേവലം വിശ്വാസികളുടെ ഒരു ഒത്തുചേരൽ എന്നതിലുപരി എന്തെങ്കിലും പ്രയോജനം ഉണ്ടാകുന്നുണ്ടോ എന്ന് സംശയിക്കുന്നു. സഭകളുടെ ഒരു ശക്തപ്രകടനം മാത്രമായും ചിലപ്പോഴൊക്കെ ഈ സമ്മേളനങ്ങൾ അധഃപതിക്കാറില്ലേ?

മുഖ്യധാരാ സഭകളുടെ വാർഷിക ജനറൽ കൺവെൻഷനുകളുടെ ഏകദേശ ചിലവ് 4-5 കോടിയാണ്. സെന്റർ കൺവെൻഷനുകൾക്ക് ചുരുങ്ങിയത് 25-30 ലക്ഷം രൂപയും ചിലവ് വരും. ലോക്കൽ കൺവെൻഷൻ, മേഖലാ കൺവെൻഷൻ, ഐക്യ കൺവൻഷൻ എന്നിവ വേറെയും. എല്ലാ സഭാവിഭാഗങ്ങളുടെയും കൂട്ടിയാൽ ഒരു വർഷം 200 കോടിയിൽ കുറയില്ല മൊത്തം ചിലവ് - എന്നാൽ വിളവോ തുലോ ചുരുക്കം. ഈ തുക ഭാരത സുവിശേഷീകരണത്തിനോ അഗതികളുടെ ക്ഷേമത്തിനോ ഉപയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഉത്തരേന്ത്യൻ വയലുകൾ കൊയ്ത്തിനായി കാത്തിരിക്കുമ്പോൾ, അനേകം ഇന്ത്യൻ മിഷണറിമാർ സാമ്പത്തിക ഞെരുക്കം അനുഭവിക്കുമ്പോൾ, കൂടിവരുവാൻ ഒരു ചെറിയ ഷെഡെങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്ന അനേകം സഭകൾ ഉള്ളപ്പോൾ നാം കുറെക്കൂടെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

മാത്രവുമല്ല, പല ജനറൽ കൺവൻഷനുകളിലേയും വചന ശുശ്രൂഷകൾ ഗുണനിലവാരത്തിൽ ശരാശരിയിൽ താഴെ എന്നതാണ് ഏറെ ഖേദകരം. പിന്നെ കുറെ സ്വജന പക്ഷപാതവും മറ്റും മറ്റും.

മുറ്റത്ത് കൺവെൻഷൻ എന്ന ചിലവു കുറഞ്ഞ സുവിശേഷീകരണ യോഗങ്ങൾക്ക് ഈയിടെ പ്രചാരം സിദ്ധിക്കുന്നത് ആശാവഹമാണ്. ദേശനിവാസികൾ സുവിശേഷം ശ്രവിപ്പാൻ ഇത് കാരണമായിത്തീരും.

നാഥൻ വരാൻ കാലമേറെയില്ല. ദൈവം നമ്മെ ഏൽപിക്കുന്ന വിഭവങ്ങൾ ഭംഗിയായി, ഉത്തരവാദിത്വ ബോധത്തോടെ ദൈവനാമമഹത്വത്തിനും, ദൈവരാജ്യവ്യാപനത്തിനുമായി ഉപയോഗിപ്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ●

# നാലു പിള്ളേരുടെ കഥ

**Pr. Biju P. Samuel, West Bengal**



ദാനിയേൽ, ഹനന്യാവ്, അസര്യാവ്, മീശായേൽ നാലു പേരും ടീനേജു പ്രായക്കാരാണ്. യെഹൂദാ രാജകുടുംബത്തിലെ കുട്ടികൾ ആണെങ്കിലും യാതൊരുവിധ ആഘോഷങ്ങളും ഇല്ലാത്ത ഒരു ജീവിതമാണ് ഇപ്പോൾ അവരുടേത്. അവർ വരുത്തിവച്ച തെറ്റുകൊണ്ടൊന്നുമല്ല, മറിച്ച്, പിതാക്കന്മാർ കാട്ടിക്കൂട്ടിയ തിന്മയുടെ ഫലമാണ് അവർ ഇപ്പോൾ ബാബിലോണിൽ നെബൂഖദ്നേസർ എന്ന വിദേശരാജാവിന്റെ അടിമകൾ ആക്കപ്പെട്ടിരിക്കുന്നത്. തങ്ങളുടെ പല സൗഹൃദങ്ങളും നഷ്ടപ്പെട്ടു. സമപ്രായക്കാരായ പലരും യെരൂശലേമിലാണ്.

പക്ഷേ പിതാക്കന്മാരുടെ തെറ്റായ നടപടികൾകൊണ്ടാണ് തങ്ങളുടെ ജീവിതം കുട്ടിച്ചോറായതെന്ന് ആരോപിച്ച് പിതൃവിരോധികളും ദൈവനിഷേധികളും ആകാൻ അവർ തയ്യാറായില്ല. (അങ്ങനെ ജീവിക്കുന്ന ചെറുപ്പക്കാർ ധാരാളമാണ്). അവർ അടിയുറച്ച ദൈവാശ്രയക്കാരായിത്തന്നെ തുടർന്നു.

അങ്ങനെയിരിക്കെ രാജാവിന് സേവകരായി ചിലരെ ആവശ്യമായി വന്നു. അവർക്കു കുലീനത്വം വേണം, അംഗവൈകല്യം പാടില്ല, സുമുഖർ ആയിരിക്കണം, പ്രതിഭാശാലികളും വിവേകശാലികളും ആയിരിക്കണം, എന്നിങ്ങനെ ആയിരുന്നു യോഗ്യതാമാനദണ്ഡം.നമ്മുടെ നാലു പിള്ളാരും അങ്ങനെ പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. ഉടനെതന്നെ അവർക്കു പുതിയ പേരുകളും നല്കപ്പെട്ടു ബേൽത്ത് ശസ്സർ, ശദ്രക്, മേശക്, അബേദ്നെഗോ. എല്ലാത്തിന്റെയും അർത്ഥം ബാബിലോണ്യദേവന്മാർ വല്യപുള്ളികൾ ആണെന്നും. ഒരു പേരിലൊക്കെ എന്തിരിക്കുന്നു?

അവരുടെ കഴിപ്പും കുടിയുമെല്ലാം രാജാവിനു നല്കുന്നതുതന്നെ ആയി നിശ്ചയിച്ചിരുന്നു. പക്ഷേ അതിനകത്തുള്ള കെണി ദാനിയേലിനു മനസിലായി. ആ ഭക്ഷണപദാർത്ഥങ്ങൾ വിഗ്രഹാർപ്പിതമോ, മോശെക്കു നല്കിയ നിയമമനുസരിച്ച് വിലക്കപ്പെട്ടതോ ആകാം. എന്തായാലും അതു കഴിക്കുകയോ കുടിക്കുകയോ ഇല്ലെന്ന തീരുമാനം ദാനിയേൽ എടുത്തു, മൂന്നു കൂട്ടുകാരും കട്ടയ്ക്ക് കൂടെനിന്നു. ആ തീരുമാനം രാജാവിന്റെ ഉദ്യോഗസ്ഥപ്രമാണിയെ അറിയിച്ചെങ്കിലും ദാനിയേലിന്റെ ആവശ്യം നിഷേധിക്കപ്പെട്ടു. കാരണം, അവരുടെ ഭക്ഷ്യവിഭവങ്ങളുടെ പട്ടിക തീരുമാനിച്ചതുപോലും രാജാവാണ്. അതിനു മാറ്റം വരുത്താൻ ആവില്ല. അതുതന്നെയല്ല, രാജഭക്ഷണം കഴിക്കാതെ അവർ എല്ലും തോലും ആയാൽ തല പോകുന്നത് ഉദ്യോഗസ്ഥ പ്രമാണിയുടേതാണ്. അപ്പോൾ ദാനിയേൽ അടുത്ത നിർദേശം വച്ചു: ഒരു പത്തു ദിവസത്തേക്ക് സസ്യഭോജ്യങ്ങളും വെള്ളവും മാത്രം തങ്ങൾക്കു നല്കുക. അതിനുശേഷം രാജഭക്ഷണം കഴിക്കുന്നവരുമായി തങ്ങളെ ഒത്തുനോക്കുക. ആ നിർദ്ദേശം അംഗീകരിക്കപ്പെട്ടു. അവർ ഒരല്പം ഒത്തുതീർപ്പിനു തയ്യാറായാൽ മറ്റു 'റിസ്ക്' ഒന്നുമില്ലാതെ ഭാവി ശോഭനമാകില്ലായിരുന്നോ? പക്ഷേ ദാനിയേലും കൂട്ടരും അതിനു തയ്യാറല്ലായിരുന്നു. പത്തു ദിവസത്തിനുശേഷം ഈ നാലു പിള്ളാരെ മറ്റുള്ളവരുമായി ഒത്തു നോക്കി, രാജഭക്ഷണം കഴിച്ചവരുടേതിനേക്കാൾ ഈ നാലു പേരുടെ 'ലുക്ക്' കേമമായിരുന്നു, അഴകും പുഷ്ടിയും ഉള്ളവരായും അവർ കാണപ്പെട്ടു.

തങ്ങൾ ചെന്ന അന്യനാട്ടിലെ ആചാരങ്ങളും ശൈലികളും അവർ സ്വീകരിച്ചില്ല. അതുവരെ തങ്ങൾ പാലിച്ചുവന്ന ദൈവീകപ്രമാണം അനുസരിച്ചുള്ള ജീവിതരീതികളാണ് അവർ തുടർന്നത്. മാതാപിതാക്കളിൽനിന്നും അകന്ന്, നിയന്ത്രിക്കാൻ മറ്റാരും ഇല്ലാത്തയിടങ്ങളിൽ പഠിക്കാൻ പോകുന്ന നമ്മുടെ കുഞ്ഞുങ്ങളും ഈ ദാനിയേലിന്റെയും കൂട്ടുകാരുടെയും ജീവിതം മനസ്സിരുത്തി പഠിക്കണം, നല്ല മാതൃകകൾ പിന്തുടരണം.

അങ്ങനെ മൂന്നുവർഷ 'പ്രോബേഷൻ' കഴിഞ്ഞപ്പോൾ നെബുഖദ്നേസർ രാജാവുതന്നെ അവരെ 'ഇന്റർവ്യൂ' ചെയ്തു. സർവ്വവിജ്ഞാനകോശം പോലെ അവർ മണിമണിയായി രാജാവിന് ഉത്തരം നല്കി. വാചകമടിയിലെ കേമത്തരമല്ല, വിവേകത്തോടെയുള്ള ഇടപെടലാണ് ശ്രേഷ്ഠമെന്ന് അവർ തെളിയിച്ചു. സ്വപ്നദർശന വ്യാഖ്യാനങ്ങളിൽ പ്രത്യേക സാമർത്ഥ്യവും ദൈവത്തിൽനിന്നും ദാനിയേലിനു ലഭിച്ചു.

അങ്ങനെ അവരുടെ ഔദ്യോഗിക കരിയർ ആരംഭിച്ചു. അങ്ങനെയിരിക്കെ, നെബുഖദ്നേസർ രാജാവു കണ്ട സ്വപ്നവും അതിന്റെ വ്യാഖ്യാനവും പറയാൻ കഴിയാതെ രാജ്യത്തെ മുഴുവൻ വൈജ്ഞാനികരും തോറ്റു പിന്മാറി. അതു കൃത്യമായി പങ്കുവെച്ച ദാനിയേലിനെ ബാബിലോൺ സംസ്ഥാനത്തിന്റെ ഭരണാധിപനാക്കി. എന്നിട്ടും താൻ അതിജ്ഞാനി അല്ലെന്നും അതൊക്കെ ദൈവമാണു വെളിപ്പെടുത്തുന്നത് എന്നുമുള്ള ഏറ്റുപറച്ചിൽ ദാനിയേലിന്റെ താഴ്മയ്ക്ക് ഉദാഹരണമാണ്.

ഹനന്യാവ്, മീശായേൽ, അസര്യാവ് എന്നിവരുടെ ജീവിതത്തിലും വിശ്വാസ സംബന്ധിയായ പരീക്ഷണങ്ങൾ ഉണ്ടായി. സത്യദൈവത്തെ മാത്രമേ ആരാധിക്കൂ എന്ന തീരുമാനത്തിൽ ഉറച്ചുനിന്ന അവരെ തീച്ചൂളയിൽ എറിഞ്ഞെങ്കിലും ഒരു രോമം പോലും കരിയാതെ സുരക്ഷിതരായി ദൈവം അവരെ പുറത്തു കൊ

ണ്ടുവന്നു. അവർക്കും ബാബിലോണിൽ സ്ഥാനമാനങ്ങൾ ലഭിച്ചു.

അങ്ങനെ അനേകവർഷങ്ങൾ... പിന്നീടു വന്ന ബേൽശസ്സർ രാജാവിന്റെ ജീവശ്വാസംപോലും നിയന്ത്രിക്കുന്നതു ദൈവമാണെന്നു രാജാവിനോടു നേർക്കുനേരെ നിന്നു ദാനിയേൽ പറഞ്ഞ അന്നേദിവസം തന്നെ രാജാവു കൊല്ലപ്പെട്ടു. പിന്നീടു മേദ്യ സാമ്രാജ്യക്കാരനായ ദാര്യാവേശ് ഭരണത്തിൽ വന്നു. അപ്പോഴേക്കും ദാനിയേൽ വൃദ്ധനായിരുന്നു. അപ്പോഴും ദാനിയേൽ തന്റെ ഭരണനൈപുണ്യം തെളിയിച്ചു. എങ്കിലും സത്യവിശ്വാസത്തിനായി നിന്നതിനാൽ അദ്ദേഹത്തെ സിംഹക്കുഴിയിൽ എറിഞ്ഞുകളഞ്ഞു. പിറ്റേദിവസം വിവരം അറിയാനായി എത്തിയ രാജാവു കേൾക്കുന്നത് സിംഹക്കുഴിയിൽനിന്നുള്ള അഭിവാദനമാണ്: 'രാജാവു നീണാൾ വാഴട്ടെ'. തീച്ചൂളയ്ക്കോ സിംഹങ്ങൾക്കോ ഒന്നും അവരുടെ ദൈവാശ്രയത്തെ തെല്ലും കുറയ്ക്കാൻ കഴിഞ്ഞില്ല. അവർ എടുത്ത ഉറച്ച തീരുമാനങ്ങളെ കർത്താവ് അംഗീകരിച്ചു.

ടീനേജർ' ആയിരിക്കുമ്പോൾ അടിമയായി എത്തപ്പെട്ട ബാബിലോണിന്റെ ഉയർച്ചയും തകർച്ചയുമെല്ലാം ദാനിയേൽ നേരിട്ടുകണ്ടു. മറ്റു പല സാമ്രാജ്യങ്ങളുടെ വരവും പോക്കുമെല്ലാം അദ്ദേഹം പ്രവചിച്ചു, അവസാനത്തെ നിത്യരാജ്യത്തിന്റെ വരവുവരെ.

യിസ്രായേലിനോടു ദയയില്ലാതെ ഇടപെട്ട അതേ നെബുഖദ്നേസർ രാജാവ്, ദാനിയേലിനെ സാഷ്ടാംഗം പ്രണമിച്ചത് അചിന്തനീയമാണ്. പക്ഷേ അതും സംഭവിച്ചു. ഏറ്റവും പ്രിയപുരുഷൻ എന്ന വിശേഷണം ദൈവത്തിൽനിന്നും ലഭിച്ച ഭക്തൻ. സാമ്രാജ്യങ്ങളുടെ ഭരണത്തിന്റെ താക്കോൽ കൈയിലെത്തിയിട്ടും തുടരുന്ന ദൈവാശ്രയവും മാതൃകയാക്കാവുന്ന താഴ്മയും.

ടീനേജർ ആയിരുന്നപ്പോൾ എടുത്ത അതേ തീരുമാനങ്ങളിൽനിന്നും വാർദ്ധക്യത്തിലും പിന്നോട്ടു പോകാത്ത തളരാത്ത പോരാളി. ക്ഷയിക്കാത്ത വിശ്വാസശൗര്യം.

21 ദിവസംവരെ നീളുന്ന തുടർപ്രാർത്ഥനകൾ. കടന്നുപോയ അഗ്നി പരീക്ഷണങ്ങൾ, നേരിട്ട തീവ്രമായ ജീവിതാനുഭവങ്ങൾ അനേകമാണ്.

അവസാനം, ജീവിതകാലം മുഴുവനും കർത്താവിനോടു വിശ്വസ്തത പുലർത്തിയ ദാനിയേലിനെ കർത്താവുതന്നെ ആശംസാവാചകം (എന്തായാലും അനുശോചനമല്ല) പറഞ്ഞ് യാത്രയാക്കിയത് ആരുടെ കണ്ണുകളെയാണു നിറയ്ക്കാത്തത്? 'നീയോ (ദാനിയേലേ), അവസാനം വരുവോളം പൊയ്ക്കൊള്ളുക, നീ വിശ്രമിച്ചു കാലാവസാനത്തിൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും'.


## MATRIMONIAL

Invite marriage proposals for their baptized son Dr. Amir Govind Chavan Birth Date : 20/02/1995, Age : 29, Weight - 70 kg, Height - 5.9' Occupation - BAMS (self employed), 2 Clinics at Thane. Father- Govind Pandurang Chavan (Pastor), Mother - Kesharbai Govind Chavan (house wife), Siblings-2 Sisters (married) Contact - 9967764684 (Father).





ഐപിസി സണ്ടേസ്കൂൾ അസോസിയേഷൻ കുമ്പനാട് പ്രസിദ്ധീകരിച്ച ഹിന്ദി / ഇംഗ്ലീഷ് (ദ്വിഭാഷ) സണ്ടേസ്കൂൾ പുസ്തകങ്ങൾ (നഴ്സറി 1 ₹ 80, നഴ്സറി 2 ₹ 80, ക്ലാസ് 1 ₹ 100) ലഭ്യമാണ്.
ആവശ്യക്കാർ ബന്ധപ്പെടുക

Saji Mathew - 98205 60569
Moncy P. George - 97027 15909
Email : ipcms.sundayschool@gmail.com

കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർക്ക് പോസ്റ്റേജ് സൗജന്യം.



# HEBRON BIBLE COLLEGE

ESTABLISHED IN 1992



Fully owned and managed by IPC Maharashtra State

31 Years of God's Faithfulness

Vision : Light up the villages of Maharashtra through living word.

For more details contact

Bro. Varghese Kollakompil
(Administrator) 9821332273

P.O. Box No. 17082, Tilaknagar P.O., Chembur, Mumbai - 400 089.

**മാർത്തോമ്മാ സഭയിൽ അച്ചനായിരുന്നിട്ടു പിന്നീട് പെന്തെക്കോസ്തു വിശ്വാസ സത്യങ്ങൾ മനസ്സിലാക്കുകയും പെന്തെക്കോസ്ത് സഭയിലെ പാസ്റ്റർ ആകുകയും ഇന്നും ഇന്ത്യക്കു അകത്തും പുറത്തും അനേകർക്ക് അനുഗ്രഹ കരമായ ദൈവീക ശുശ്രൂഷകൾ ചെയ്തു കൊണ്ടിരിക്കുന്ന പാസ്റ്റർ റ്റി.എ. വർഗീസുമായുള്ള അഭിമുഖം.**

***എങ്ങനെയാണ് ഒരു പുരോഹിതനായത്?***

ചെറുപ്പം മുതൽ രോഗിയായിരുന്ന എനിക്കു ദൈവം തന്ന അത്ഭുത വിടുതലിനോടുള്ള ബന്ധത്തിൽ മാതാപിതാക്കൾ എന്നെ ദൈവവേലയ്ക്കു വേണ്ടി സമർപ്പിച്ചു. വളർന്നപ്പോൾ ഞാൻ ആ തീരുമാനം ഏറ്റെടുത്തു. സെമിനാരിയിൽ പോയി പഠിച്ച് മാർത്തോമ്മായിലെ അച്ചനായി.

***അച്ചനായിരിക്കുമ്പോൾ ബൈബിൾ സ്കൂളുകളിൽ പഠിപ്പിച്ചിരുന്നോ?***

പഠിപ്പിച്ചിരുന്നു ESO മാർ തീമോത്തിയോസ് മെമ്മോറിയൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രിൻസിപ്പാൾ ആയിരുന്നു. അതു കൂടാതെ മറ്റു പല ബൈബിൾ സ്കൂളുകളിലും പഠിപ്പിച്ചിരുന്നു

***പുരോഹിതനായിരിക്കുമ്പോൾ മാർത്തോമ്മായിൽ നിന്നും ധാരാളം പേർ പെന്തെക്കോസ്തിലേക്കു ആകർഷിക്കപ്പെടുകയും വേർപെട്ട കൂട്ടങ്ങളിലേക്കു പോവുകയും ചെയ്തപ്പോൾ പുരോഹിതനായിരുന്ന അങ്ങയുടെ നിലപാടെന്തായിരുന്നു?***

ഫ്ളക്സിബിൾ ആയിരുന്നു

***മാർത്തോമ്മായിൽ നിന്നും പെന്തെക്കോസ്തിലേക്കുള്ള യാത്ര എത്രത്തോളം കഠിനമായിരുന്നു?***

എല്ലാ ഘട്ടത്തിലും ദൈവത്തിന്റെ പ്രത്യേകമായ ലീഡിങ്ങ് ഉണ്ടായിരുന്നു. അവസാനമായി ശുശ്രൂഷിച്ചതു മുംബൈയിലുള്ള സാന്താക്രൂസ് മാർത്തോമ്മാ സഭയിൽ ആയിരുന്നു. അന്ന് ഞാൻ ഗോസ്പൽ ടീം ഡയറക്ടർ ആയിരുന്നു. ഈ ടീമിന്റെ മേൽനോട്ടത്തിൽ 1285 മാർത്തോമ്മാ സഭകൾ ഉണ്ടായിരുന്നു.

***ഒരു സീനിയർ ശുശ്രൂഷകനും അധികാരസ്ഥനും മാത്രമല്ല മാർത്തോമ്മാ സഭയിലെ എല്ലാ സൗകര്യങ്ങളും അനുഭവിച്ചിരുന്ന അങ്ങേയ്ക്ക് പെന്തെക്കോസ്തിലെ ഒരു സാധാരണ വിശ്വാസി ആയിരിക്കാൻ ബുദ്ധിമുട്ടുണ്ടായോ? കുടുംബം അതിനെ എങ്ങനെ കണ്ടു?***



പാ. സ്റ്റാൻലി അലക്സ്, ബ്ര. സാബു കാരമ്മേലിൽ, ഇവാ. വർഗീസ് കൊല്ലക്കൊമ്പിൽ എന്നിവർ പാ. റ്റി.എ. വർഗീസിനോടൊപ്പം

എന്റെ സഹോദരൻ നടത്തിയിരുന്ന ഇമ്മാനുവേൽ ഫെയ്ത്ത് മിനിസ്ട്രീസ് ഇന്റർനാഷണലിൽ പ്രവർത്തിക്കാൻ അവസരം കിട്ടിയതുകൊണ്ട് ഒരു വിശ്വാസി ആയിരിക്കേണ്ടി വന്നില്ല. കൂടാതെ എന്റെ ഭാര്യ എന്നെക്കാൾ നേരത്തെ സ്നാനപ്പെട്ടിരുന്നു.

***ആ സമയത്ത് മക്കൾ വിദ്യാർത്ഥികളായിരിക്കുമല്ലോ?***

അതേ. മൂത്ത മകൾ എം.ബി.ബി.എസ് നു മൂന്നാം വർഷവും ഇളയമകൾ ബി.എ. ലിറ്ററേച്ചറിനും പഠിക്കുകയായിരുന്നു

***തിരക്കിട്ട ആത്മീയ ശുശ്രൂഷകൾക്കും യാത്രകൾക്കുമിടയിൽ വചനം ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സമയം കണ്ടെത്തുന്നതെങ്ങനെയാണ്?***

വെളിപ്പിനു മൂന്നു മണിക്കു എഴുന്നേറ്റ് വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും. ഉറക്കം നന്നേ കുറയ്ക്കുന്നതു കൊണ്ട് ശുശ്രൂഷക്കു തടസ്സമില്ല.

***ദുരുപദേശങ്ങൾ പെരുകുന്നതിനെതിരെ എങ്ങനെയാണ് പ്രസംഗങ്ങൾ നടത്തുന്നത്?***

ദൈവവചനത്തിൽ വേരൂന്നിയുള്ള ജീവിതവും പ്രസംഗവുമാണ് വേണ്ടത്. അതാണ് ചെയ്യുന്നത്.

***ഇന്നത്തെ കൺവൻഷനുകളിൽ യേശുവിലൂടെയുള്ള രക്ഷ എന്ന വിഷയം പ്രസംഗിക്കപ്പെടുന്നില്ല എന്ന ചിന്ത ശരിയാണോ?***

ഞാൻ ആ വിഷയം എല്ലാ പ്രസംഗങ്ങളിലും ചേർത്താണ് പോകുന്നത്.

***ഭൗതീക നേട്ടങ്ങളെ ചൂണ്ടിക്കാണിച്ചു കൊണ്ടു മാത്രം നടത്തുന്ന പ്രസംഗങ്ങളെ എങ്ങനെ കാണണം?***

സുവിശേഷത്തിൽ ഭൗതീക നേട്ടങ്ങളുമുണ്ട്. അതു പറയുന്നതിൽ തെറ്റില്ല. അതിനെമാത്രം ഉയർത്തി കാണിക്കുന്നതാണ് അപകടം. ആത്മീയ കണ്ണുകൾ മന്ദമായതുകൊണ്ട് ഭൗതീക കാര്യങ്ങൾ മാത്രം നോക്കികാണുവാൻ കഴിയുന്നുള്ളൂ. ഈ സ്ഥിതിയിൽ നിന്നും വിശ്വാസികളെ കരകയറ്റുവാൻ സ്ഥലം സഭകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. ●

## Scenes from Jalgaon District of IPC Maharashtra




**Anti Christian Activist destroyed and looted the house and bikes of Pastors and believers at Jalgaon District while a meeting was going on.**

SUVARTHA - Registered with Registrar of News Papers for India Under Licence No. 56985-93

## Scenes from IPC Maharashtra State PYPA Camp at Badlapur



Pr. Jenin David



Br. Roshan Varghese



Some of us with Guest Pr. Prince Thomas



Worship Session 1




Worship Session 2





Game Session




Participants with some of our Pastors and Co-ordinators